46701/2017/FM
16/09/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - വനം വകുപ്പിലെ വനമേഖലയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ)/329/2017/വനം തിരുവനന്തപുരം,തീയതി, 31/08/2017

പരാമർശം:- 1. സ.ഉ (പി) നം. 56/2017-ധന തീയതി 28.04.2017.

2. വനം വകുപ്പിലെ ദിവസവേതന ജീവനക്കാരുടെ മിനിമം വേതനം പരിഷ്കരിക്കുന്നത് സംബന്ധിച്ച് 22.08.2017-ൽ ബഹു.വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ദിവസവേതന / കരാർ ജീവനക്കാരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവായിരുന്നു.

പരാമർശം (2) പ്രകാരം മേൽ ഉത്തരവ് പ്രകാരം അനുവദിച്ച 630/- രൂപ വനം വകുപ്പിലെ വനമേഖലയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാർക്കും 2017 ഓഗസ്റ്റ് 1 മുതൽ അനുവദിക്കാവുന്നതാണെന്ന് തീരുമാനമെടുത്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിലെ വനമേഖലയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വേതനം 630/- രൂപ (അറുന്നൂറ്റി മുപ്പതു രൂപ മാത്രം) ആയി പുതുക്കി നിർണ്ണയിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇതിന് 2017 ഓഗസ്റ്റ് 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്, ബി & എ), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
സ്റ്റാക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Lathees

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

വനം വന്യജീവി വകുപ്പ് - വനം വകുപ്പിലെ വനമേഖലയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വേതനം പുനർനിർണ്ണയിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ഡി) വകുപ്പ്

സ.ഉ.(സാധാ) നം./364/2017/വനം തീയതി,തിരുവനന്തപുരം, 23/09/2017

പരാമർശം:- സ.ഉ (സാധാ) നം. 329/2017-വനം തീയതി 31.08.2017.

ഉത്തരവ്

വനം വകുപ്പിലെ വനമേഖലയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വേതനം 630 രൂപയായി പുതുക്കി നിർണ്ണയിച്ചുകൊണ്ട് പരാമർശ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള "വനം വകുപ്പിലെ വനമേഖലയിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വേതനം " എന്നതിനു പകരം " ഇ.ഡി.സി, വി.എസ്.എസ് തുടങ്ങിയവ ഒഴികെ വനം വകുപ്പിലെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരുടെയും വേതനം" എന്ന് ഭേദഗതി ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

ഡെപ്യൂട്ടി സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (എഫ്, ബി & എ), തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് - വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ